## പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 5112** **02.07.2013 ൽ മറുപടിയ്ക്ക്**

## അനർട്ടിന്റെ ബയോഗ്യാസ് പ്ലാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ<br>" പി.ബി.അബ്ദുൾ റസാക്<br>" കെ.മുഹമ്മദുണ്ണി ഹാജി<br>" എൻ.ഷംസുദ്ദീൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) അനർട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിയ ബയോഗ്യാസ് പ്ലാന്റ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) അനെർട്ടിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന ബയോഗ്യാസ് പ്ലാന്റ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. 95% പ്ലാന്റുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വേണ്ടത്ര മാലിന്യം ലഭ്യമല്ലാത്തതാണ് ബാക്കിയുള്ളവ പലതും പ്രവർത്തിക്കാത്തതിന്റെ മുഖ്യ കാരണം. ഇവയൊക്കെ പ്രവർത്തനക്ഷമമാക്കാനായി വേണ്ട ബോധവത്ക്കരണവും നിർദ്ദേശങ്ങളും അനെർട്ടിന്റെ ജില്ലാ ഓഫീസുകൾ വഴി ഗുണഭോക്താക്കൾക്ക് നൽകുന്നുണ്ട്. |
| (ബി) ഈ പദ്ധതി പ്രകാരം ഇതേ വരെ എത്ര യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്; എത്ര തുക സബ്സിഡിയായി വിതരണം ചെയ്തു; | (ബി) ഈ പദ്ധതി പ്രകാരം 2011-12 വർഷം 3050ബയോഗ്യാസ് പ്ലാന്റുകളും 2012-13 വർഷം 3300 പ്ലാന്റുകളും സ്ഥാപിച്ചിട്ടുണ്ട്. 2011-12 വർഷം സബ്സിഡിയായി 2,61,27,000 രൂപയും 2012-13 വർഷം സബ്സിഡിയായി 2,68,76,000 രൂപയും വിതരണം ചെയ്തു. |
| (സി) ഈ പദ്ധതി പ്രകാരം സ്ഥാപിച്ച യൂണിറ്റുകളുടെ പരിശോധനയ്ക്കും അറ്റകുറ്റപ്പണിക്കും എന്തെങ്കിലും | (സി) ടേൺ കീ വ്യവസ്ഥയിൽ അനെർട്ടിന്റെ അംഗീകൃത ഏജന്റുമാർ മുഖേനയാണ് പ്ലാന്റുകൾ സ്ഥാപി |

സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധനയ്ക്കും അറ്റകുറ്റ പ്പണികൾക്കുമായി സംവിധാനമൊരു ക്കുന്ന കാര്യം പരിഗണിക്കുമോ; വിശദ മാക്കുമോ?

ക്കുന്നത്. ടേൺകീ ഏജന്റുമാർ പ്ലാന്റുക ളുടെ 5 വർഷത്തെ പ്രവർത്തനം ഗുണ ഭോക്താക്കൾക്ക് ഉറപ്പാക്കുന്നുണ്ട്. ഈ കാലയളവിൽ ഉണ്ടാകുന്ന അറ്റകുറ്റപ്പണി കൾ ടേൺകീ ഏജന്റുമാർ പരിഹരിക്കു ന്നുണ്ടെന്ന് ഉറപ്പാക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ